ആരാധ്യയായ തിരുവനന്തപുരം നഗരസഭാ മേയർക്ക്, പൗണ്ട്കടവ്, 'കൈരളി നഗർ റസിഡന്റ്സ് അസോസിയേഷൻ' നിവാസികൾ സമർപ്പിക്കുന്ന അപേക്ഷ.

പൗണ്ട്കടവ് വാർഡിലെ കുഴിവിള-മഠത്തുനട പാലത്തിൽനിന്നും മഠത്തുനട-പൗണ്ട്കടവ് റോഡിൽ 'മഠത്തുനട' എന്ന സ്ഥലത്ത് മഴക്കാലത്ത് ഒരാൾ ഉയരത്തിൽ മഴവെള്ളം കെട്ടിനിന്ന് യാത്രാ തടസ്സം ഉണ്ടാവുക പതിവാണ്. ഈ സ്ഥലത്ത്, മുമ്പ്, മഴവെള്ളം ഒഴുകിപോകുന്നതിനുള്ള ഒരു കൈത്തോടും കലുങ്കും ഉണ്ടായിരുന്നു. ഈ പ്രദേശത്തെ വയൽ ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഫ്ളാറ്റ് നിർമ്മാതാക്കൾ വാങ്ങി, കൈത്തോടും കലുങ്കും ഉൾപ്പെടെ മണ്ണിട്ടു നികത്തി ചുറ്റുമതിൽ കെട്ടി ഫ്ളാറ്റ് പണി നടത്തുകയാണ്. റോഡിന് ഇരുവശവും മതിൽ കെട്ടി ഉയർത്തിയതിനാൽ ഈ ഭാഗത്തുള്ള മഴവെള്ളം ഒഴുകിപോകാൻ മാർഗ്ഗമില്ലാതെ അവിടെ കെട്ടിനിൽക്കുന്നതുമൂലം ആഴ്ചകളോളം അതുവഴി ഒരുതരത്തിലുമുള്ള യാത്രയ്ക്കും സാധ്യമല്ല. മഴ തീർന്നാലും ഈ വെള്ളം മുഴുവൻ വറ്റിത്തീരാൻ ദിവസങ്ങളെടുക്കും. സമീപത്തുള്ള തോട്ടിൽ വെള്ളം കരകവിഞ്ഞൊഴുകിയാൽ പൗണ്ട്കടവ്-കുളത്തൂർ റോഡിൽകൂടിയും യാത്ര ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. അതുകാരണം, ഈ പ്രദേശത്തുകാർ ഒരു തുരുത്തിൽ അകപ്പെട്ട സ്ഥിതിയിൽ ആയിത്തീരും. പാലത്തിൽ നിന്നും തുടങ്ങുന്ന റോഡിന്റെ താഴ്ന്ന ഭാഗത്താണ് ഇങ്ങനെ വെള്ളം കെട്ടിനിൽക്കുന്നത്. നിലവിലുള്ള റോഡിന്റെ ഉയരം കൂട്ടി വശങ്ങളിൽ ഓട കെട്ടി മഴവെള്ളം സമീപത്തുള്ള തോടിലേയ്ക്ക് ഒഴുക്കിവിടുകയാണ് ഇതിനുള്ള പരിഹാരമാർഗ്ഗം.

ആയതിനാൽ, മേൽപ്പറഞ്ഞതുൾപ്പെടെയുള്ള എന്തെങ്കിലും പരിഹാരമാർഗ്ഗം സ്വീകരിച്ച് ഈ വെള്ളക്കെട്ടിൽ നിന്നും ഈ നാട്ടുകാരെ രക്ഷിയ്ക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൗണ്ട്കടവ് — സെക്രട്ടറി
12.11.2010

പകർപ്പ്:-

1. കൗൺസിലർ, പൗണ്ട്കടവ്
2. സെക്രട്ടറി, തിരുവനന്തപുരം നഗരസഭ